**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2446** **12-12-2022 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്‌കുമാർ ജോസഫ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ-പൊതുവിതരണ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും 13 കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റുമാർക്കും 3 ഡ്രൈവർമാർക്കും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. ഇവർക്ക് ഒക്ടോബർ മാസത്തിൽ വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2,24,572/- രൂപ നല്കിയിട്ടുണ്ട്.<br><br>സപ്ലൈകോയിൽ നിയമിച്ച 4366 തല്ക്കാലിക ജീവനക്കാർക്ക് ഒക്ടോബർ മാസത്തിൽ വേതനമായി 4,80,92,250/- രൂപയും കരാർ അടിസ്ഥാനത്തിൽ നിയമിച്ച 45 ജീവനക്കാർക്ക് ഒക്ടോബർ മാസത്തിൽ വേതനമായി 8,96,661/- രൂപ നല്കിയിട്ടുണ്ട്.<br><br>കൗൺസിൽ ഫോർ ഫുഡ് റിസർച്ച് & ഡെവലപ്‌മെന്റിൽ (CFRD) ഇംഗ്ലീഷ്, കെമിസ്ട്രി വിഷയങ്ങളിൽ അദ്ധ്യാപകരെ(2 ലക്ചർമാർ, 2 ഗെസ്റ്റ് ലക്ചർമാർ) നിയമിച്ചിട്ടുണ്ട്. ഇവർക്ക് ഒക്ടോബർ മാസത്തിൽ വേതനമായി 56,900/- രൂപ നല്കിയിട്ടുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ IMPDS നടപ്പാക്കുന്നതിന് സംസ്ഥാന തലത്തിൽ 'പ്രോജക്റ്റ് മാനേജർ', 'ജില്ലാതല പ്രോജക്റ്റ് മാനേജർ' എന്നീ തസ്തികകളിലായി 31-03-2023 വരെ 15 പേർക്ക് നിയമനം നല്കുകയും, ഇവർക്ക് ഒക്ടോബർ മാസത്തിൽ വേതനമായി ആകെ 5,90,320/- രൂപ നല്കുകയും ചെയ്തിട്ടുണ്ട്.(ഈ വേതനം കേന്ദ്രഫണ്ടിൽ നിന്നാണ്)<br><br>കേന്ദ്ര സർക്കാരിന്റെ Price Monitoring Cell പദ്ധതി പ്രകാരം ആറ്(6) Data Entry Operator-മാരെയും, സംസ്ഥാനസർക്കാരിന്റെ Centre for Price Research Kerala പദ്ധതി പ്രകാരം എട്ട് (8) Data Entry Operator-മാരെയും, ഒരു Research |

| | | | |
|---|---|---|---|
| | | | Officer-നെയും ഒരു Research Assistant-നേയും ഉൾപ്പെടെ 2022 നവംബർ മാസത്തിൽ ആകെ 16 പേരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി കേന്ദ്ര വിഹിതമായി 13,66,000/- രൂപയും, സംസ്ഥാന വിഹിതമായി 12,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങൾക്കായി അവലംബിച്ച മാർഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നും വിശദമാക്കുമോ? | (ബി) | ഭക്ഷ്യ ഉപഭോക്തൃകാര്യ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 13 കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റുമാരെയും ദിവസ വേതന അടിസ്ഥാനത്തിൽ 3 ഡ്രൈവർമാരെയും നിയമിച്ചിട്ടുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളായ IMPDS, Price Monitoring Cell എന്നിവയിലെ പ്രോജക്ട് മാനേജർമാരെയും, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും വകുപ്പ് നേരിട്ട് ഇന്റർവ്യൂ നടത്തിയാണ് നിയമിച്ചിട്ടുള്ളത്. കൗൺസിൽ ഫോർ ഫുഡ് റിസർച്ച് & ഡെവലപ്മെന്റിൽ (CFRD) പത്രപരസ്യം നല്കി, ഉദ്യോഗാർത്ഥികളെ അഭിമുഖം നടത്തിയാണ് നിയമനങ്ങൾ നടത്തിയത്. ഇവിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആരെയും നിയമിച്ചിട്ടില്ല.<br><br>സപ്ലൈകോയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒരു ടൈപ്പിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. മറ്റുള്ള താൽക്കാലിക നിയമനങ്ങളിൽ ഔട്ട് ലെറ്റുകളിലെ ഓരോ മാസത്തെയും വില്പനയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള സർക്കുലർ അനുസരിച്ച് നിയമിക്കാനാവുന്ന ദിവസവേതന ജീവനക്കാരെ ബന്ധപ്പെട്ട ഷോപ്പ് മാനേജരാണ് നിയോഗിക്കുന്നത്.<br><br>സപ്ലൈകോയുടെ വിവിധ ഡിവിഷനുകളിലെ ഒഴിവുകൾക്കനുസൃതമായി ദിനപത്രം, സാമൂഹിക മാദ്ധ്യമങ്ങൾ എന്നിവിടങ്ങളിൽ പരസ്യം നല്കി ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുകയും സപ്ലൈകോയ്ക്ക് പുറമെ നിന്നുള്ള വിഷയവിദഗ്ധനെ കൂടി ഉൾപ്പെടുത്തി ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആയതിൽ നിന്നുമാണ് കരാർ നിയമനങ്ങൾ നടത്താറുള്ളത്. |

സെക്ഷൻ ഓഫീസർ